LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം 87.72 ലക്ഷം ലിറ്റർ പാലാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രതിദിനം 79 ലക്ഷം ലിറ്റർ മുതൽ 82 ലക്ഷം ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ദിനംപ്രതി 3 ലക്ഷം ലിറ്റർ മുതൽ 5 ലക്ഷം ലിറ്റർ വരെ പാൽ ആണ് അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നത്. തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് പ്രധാനമായും മിൽമ പാൽ കൊണ്ടു വരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യവസ്തുക്കളിലെ മായം സംബന്ധിച്ച പരാതികൾ ഇപ്പോൾ ഫുഡ് സേഫ്റ്റി കമ്മീഷണറാണ് പരിശോധിക്കുന്നത്.

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

57 (1528) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പാസ്റ്റ്റ് പാലുകളിലെ പ്രിസർവേറ്റുകളുടെ അളവ് പരിശോധിക്കുന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് അവ പ്രവർത്തിച്ചുവരുന്നത് ; ഇല്ലെങ്കിൽ പുതുതായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരം പാസ്റ്റ്റ് പാലുകളിലെ പ്രിസർവേറ്റുകളുടെ സാന്നിദ്ധ്യം, അളവ് എന്നിവ പരിശോധിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പാലുകളിലെ പ്രിസർവേറ്റുകളുടെ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ പുതിയതായി സംസ്ഥാനത്ത് നിലവിൽ വരുന്ന 2 മൊബൈൽ ലബോറട്ടറികളിലും പാൽ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിനുപുറമേ ക്ഷീരവികസന വകുപ്പിലെ ഐ.എസ്.ഒ. സർട്ടിഫൈഡ് സ്റ്റേറ്റ് ഡയറി ലാബിലും, ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസ് ലാബിലും, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന ഡയറികളിലും പ്രസ്തുത സംവിധാനം നിലവിലുണ്ട്.